## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6473 — 21.11.2019-ൽ മറുപടിക്ക്

# പൊതു വിദ്യാലയങ്ങളുടെ ആധുനികവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. യു.ആർ. പ്രദീപ്<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. ജോർജ്ജ് എം. തോമസ്. | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ അടച്ചുപൂട്ടാൻ ഉത്തരവിട്ട മലാപ്പറമ്പ് സ്കൂൾ അടക്കം സ്കൂൾ മാനേജ്മെന്റുകൾ വാണിജ്യ താല്പര്യത്തോടെ അടച്ചുപൂട്ടാൻ തീരുമാനിച്ച എത്ര സ്കൂളുകൾ ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) സ.ഉ. (പി) നം. 122/2016/പൊ.വി.വ. തീയതി 27.07.2016 പ്രകാരം താഴെപ്പറയുന്ന 4 സ്കൂളുകൾ സർക്കാർ നഷ്ടപരിഹാരം നൽകി ഏറ്റെടുത്തിട്ടുണ്ട്;<br>1. എ.യു.പി. സ്കൂൾ മലാപ്പറമ്പ്, കോഴിക്കോട്.<br>2. എ.എം.എൽ.പി. സ്കൂൾ മങ്ങാട്ടുമുറി, മലപ്പുറം.<br>3. പി.എം.എൽ.പി. സ്കൂൾ, കിരാലൂർ, തൃശ്ശൂർ.<br>4. എ.യു.പി. സ്കൂൾ പാലാട്ട്, കോഴിക്കോട്. |
| (ബി) സ്കൂൾ ലൈബ്രറികളും ലബോറട്ടറികളും ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) 2018-19 വർഷം മുതൽ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് സ്കൂൾ ലൈബ്രറികൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ലൈബ്രറി പുസ്തകങ്ങൾ അനുവദിച്ചു വരുന്നു. ഇതിലേക്കായി 2018-19 - ൽ 10 കോടി രൂപയുടെയും 2019-20 - ൽ 8 കോടി രൂപയുടെയും പദ്ധതിയാണ് നടപ്പിലാക്കുന്നത്.<br>ഹയർ സെക്കന്ററി സ്കൂളുകളിലെ ലൈബ്രറി/ ലബോറട്ടറികളുടെ നവീകരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നവീകരണ പ്രവർത്തി ചെയ്യുന്നതിനായി സിഡ്കോയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| (സി) പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ സാമൂഹ്യ, സാമ്പത്തിക, വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കി അവരുടെ പഠന മികവ് ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 'ശ്രദ്ധ' പദ്ധതിയുടെ വിശദാംശം നൽകുമോ; | (സി) വ്യത്യസ്ത കാരണങ്ങൾ കൊണ്ട് പഠന പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി അവരെ കൂടി മുഖ്യധാരയിലേക്ക് കൈ പിടിച്ചുയർത്തുന്നതിനായി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 മുതൽ സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ് 'ശ്രദ്ധ'. |

2017-18 അധ്യയന വർഷത്തിൽ 3,5,8 ക്ലാസ്സുകളിലെ കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ആയതിൻ പ്രകാരം 4695 സർക്കാർ സ്കൂളുകളിലെ ഏകദേശം 1,20,000 കുട്ടികൾക്ക് പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്. 2018-19 മുതൽ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുകയും ടി അധ്യയന വർഷത്തിൽ സംസ്ഥാനത്തെ 4659 സർക്കാർ സ്കൂളുകളിലായി ഏകദേശം 1,90,000 കുട്ടികൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭിക്കുകയുണ്ടായി.

പാദ വാർഷിക പരിക്ഷകളിൽ കുട്ടികൾക്ക് ശ്രദ്ധയുടെ പ്രവർത്തന മികവുകൊണ്ട് ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളുടെ പരിധിയിൽ നിന്നും 10 എൽ.പി., 10 യു.പി., എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസുകളുടെ പരിധിയിൽ നിന്നും 10 ഹൈസ്കൂളുകൾ എന്നിങ്ങനെ തെരഞ്ഞെടുത്ത് ആകെ 3670 സർക്കാർ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

എൽ.പി./യു.പി./ഹൈസ്കൂൾ വിഭാഗങ്ങൾക്കായി പ്രത്യേകം പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കിയാണ് പഠന പ്രവർത്തനങ്ങൽ ക്രമീകരിച്ചിരിക്കുന്നത്. അവധി ദിവസങ്ങളിലോ അല്ലെങ്കിൽ സ്കൂൾ പ്രവർത്തന സമയത്തിന് മുമ്പോ ശേഷമോ ആയിട്ടാണ് സ്കൂളുകളിൽ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നത്. കുട്ടികൾക്കായി പ്രത്യേക ഇവാല്യൂവേഷൻ ടൂളും നിർമ്മിച്ച് പഠന പുരോഗതി വിലയിരുത്തുന്നുണ്ട്. പ്രീ ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് എന്നിവയും പദ്ധതിയുടെ ഭാഗമായി നടത്തുന്നുണ്ട്.

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്കായി സൗജന്യ ഇൻഷ്വറൻസ് പദ്ധതികളും രക്ഷിതാക്കൾ മരണപ്പെട്ടാൽ കുട്ടിക്ക് സ്ഥിരനിക്ഷേപമായി അൻപതിനായിരം രൂപ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സ്കൂൾ കുട്ടികൾക്കുണ്ടാകുന്ന എല്ലാതരത്തിലുമുള്ള അപകടങ്ങൾക്കുമുള്ള ഇൻഷ്വറൻസ് തുക നൽകുന്നതിനുള്ള പദ്ധതി പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 30.09.2016 – ലെ സ.ഉ. (കൈ) നം. 163/2016/ പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഒരു വിദ്യാർത്ഥി മരണപ്പെട്ടാൽ 50,000/- രൂപയും ഗുരുതരമായി പരിക്കുപറ്റിയാൽ 10,000/- രൂപയും നൽകുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000/- രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡിപ്പോസിറ്റ് ആയി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനത്തിനായി ലഭിക്കുന്നതിന് സഹായകമാവുന്ന രീതിയിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ഇ) ജൈവ വൈവിധ്യത്തേയും കൃഷിയെയും പരിസ്ഥിതിയെയും കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് ജൈവ വൈവിധ്യ ഉദ്യാനങ്ങൾ സ്കൂളുകളിൽ ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഇ) ജൈവ വൈവിധ്യത്തെക്കുറിച്ച് അറിയുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള താത്പര്യം വിദ്യാർത്ഥികളിൽ വളർത്തുക, പ്രകൃതി വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ജനിപ്പിക്കുക എന്നീ ഉദ്ദേശ്യ-ലക്ഷ്യത്തോടെയാണ് ജൈവ വൈവിധ്യ ഉദ്യാനം എന്ന പദ്ധതി 2017-18 വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്നും ലഭിച്ച ലിസ്റ്റ് പ്രകാരം സ്കൂളൊന്നിന് 10,000/- രൂപ വീതം ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായി നൽകി വരുന്നു. പ്രസ്തുത വർഷം സംസ്ഥാനത്തെ 1200 പൊതു വിദ്യാലയങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2018-19 വർഷം 2350 പൊതു വിദ്യാലയങ്ങളിലും പദ്ധതി നടപ്പിലാക്കി. നടപ്പുവർഷം 1943 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

പദ്ധതിയുടെ ഭാഗമായ ജില്ലാ തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ഉദ്യാനങ്ങൾക്ക് സമ്മാനമായി 25,000/-, 20,000/-, 15,000/- രൂപ വീതം ക്യാഷ് അവാർഡും, സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യ മൂന്നു സ്ഥാനങ്ങളിൽ എത്തുന്ന പൊതു വിദ്യാലയങ്ങൾക്ക് 50,000/-, 30,000/-, 20,000/- രൂപ വീതം ക്യാഷ് അവാർഡും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ